(ബി) പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനായി പ്രായപരിധി 18-55 വയസ്സാണ്. പ്രവാസി കേരളീയർ(വിദേശം), മുൻ പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ മൂന്നു വിഭാഗങ്ങളിലായാണ് അംഗത്വം നൽകുന്നത്. കുറഞ്ഞത് 6 മാസക്കാലമായി വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കും രണ്ട് വർഷക്കാലം വിദേശത്ത് ജോലി ചെയ്ത ശേഷം തിരികെ കേരളത്തിൽ സ്ഥിരതാമസമാക്കിയ മുൻ പ്രവാസികൾക്കും 6 മാസക്കാലമായി കേരളത്തിന് വെളിയിൽ ഇന്ത്യയ്ക്കകത്ത് താമസിക്കുന്ന പ്രവാസി കേരളീയനും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. സർക്കാരിൽ നിന്നോ ഇതര സർക്കാർ ഏജൻസികളിൽ നിന്നോ ശമ്പളമോ പെൻഷനോ മറ്റെന്തെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളോ കൈപ്പറ്റുന്ന വ്യക്തികൾ പ്രവാസിക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹരല്ല.

(സി) ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. 60 വയസ്സ് പൂർത്തിയാക്കിയവരും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗത്തിന് മരണം സംഭവിച്ചാൽ ആശ്രിതർക്ക് കുടുംബപെൻഷൻ.

3. അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാപെൻഷൻ.

4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പാ സഹായം.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായം, വായ്പ.

പ്രവാസികാര്യക്ഷേമനിധി തൃശ്ശൂർ ജില്ലയിൽ നൽകിയ സഹായം

37 (1585) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസികാര്യക്ഷേമനിധി വഴി തൃശ്ശൂർ ജില്ലയിൽ എത്ര തുകയുടെ സഹായം നൽകിയെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് മണലൂർ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് എന്തു സഹായം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-6-2010 മുതലാണ് പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളിൽ നിന്ന് അംശദായം സ്വീകരിച്ച് തുടങ്ങിയത്. ക്ഷേമനിധിയുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പ് പ്രായോഗികതലത്തിൽ നടപ്പിലായിവരുന്നതേയുള്ളു. ആയതിനാൽ ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസികാര്യക്ഷേമനിധി വഴി തൃശ്ശൂർ ജില്ലയിൽ സഹായം നൽകിയിട്ടില്ല.

(ബി) ഇത്തരം വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിച്ചു പോരുന്നില്ല.

പ്രവാസിക്ഷേമ പരിപാടികൾ എല്ലാ പ്രവാസി മലയാളികളെയും അറിയിക്കുന്നതിന് നടപടി

38 (1586) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമപരിപാടികളുടെ വിശദവിവരം എല്ലാ പ്രവാസി മലയാളികളെയും അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

പ്രവാസി ക്ഷേമബോർഡിന്റെ പദ്ധതികളെക്കുറിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങളിലൂടെ നടത്തിവരുന്നു. കൂടാതെ പദ്ധതിയുടെ മുഴുവൻ വിവരങ്ങളും www.pravasiwelfarefund.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അടങ്ങുന്ന ബ്രോഷർ പ്രവാസികൾക്കിടയിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ അംഗങ്ങളുടെ രജിസ്ട്രേഷൻ ഫോറവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിവരങ്ങളും നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അറ്റസ്റ്റേഷൻ കേന്ദ്രങ്ങളിൽ നിന്നും മറ്റു ജില്ലകളിൽ കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്ക സെല്ലുകളിൽ നിന്നും പ്രവാസി ക്ഷേമനിധിയുടെ തിരുവനന്തപുരം ജവഹർ നഗറിലുള്ള ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശ മലയാളികൾക്കിടയിൽ അവരുടെ പ്രതിനിധികളായ രണ്ട് ബോർഡ് അംഗങ്ങൾ മലയാളി അസോസിയേഷനുകൾ മുഖേന പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം മേഖലകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന്റേയും നോർക്ക-റൂട്ട്സിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് പ്രവാസി മലയാളികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിലേക്കായി നോർക്ക ന്യൂസ് എന്ന പേരിൽ ഒരു ത്രൈമാസ വാർത്താ പത്രികയും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly